നാലാം ശമ്പളക്കമ്മീഷൻ ശുപാർശചെയ്തിട്ടുള്ള സ്കെയിലുകൾ

6. [9] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ശമ്പളക്കമ്മീഷൻ മൊത്തം എത്ര സ്കെയിലുകളാണ് ശുപാർശ ചെയ്തിട്ടുള്ളത്;

(ബി) ഈ ശമ്പളക്കമ്മീഷൻ നിലവിലുള്ള സ്കെയിലുകളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര; അവ ഏതെല്ലാം?

ഉത്തരം

(എ) ഇരുപത്തിയാറു സ്കെയിലുകളാണ് ശുപാർശ ചെയ്തിട്ടുള്ളത്.

(ബി) ഉണ്ട്; അഞ്ചെണ്ണം ; 290-425, 450-685, 570-1070, 725-1350, 1125-1725 എന്നിവ.

നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകളിലെ അപാകതകൾ

7. [10] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകളിൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവൺമെന്റിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചു.;

(സി) ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിന് സർക്കാർ എന്തെങ്കിലും സംവിധാനം ഉണ്ടാക്കിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇത്തരം പരാതികൾ പരിഗണിക്കുന്നതിന് സംവിധാനമുണ്ടാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിവേദനങ്ങളിൽ ചിലത് പരിശോധിച്ചു കഴിഞ്ഞു; മറ്റുള്ളവ പരിശോധനയിലാണ്.

(സി) ഉണ്ട്; ധനകാര്യവകുപ്പിലെ പേ റിവിഷൻസെല്ലാണ് പരിശോധന നടത്തുന്നത്.

(ഡി) സി.പി.ഐ.യ്ക്ക് നൽകിയ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നതല്ല.

പ്രമോഷൻ സാദ്ധ്യത സംബന്ധിച്ച നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ

8. [11] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ ശുപാർശകളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ അതെന്താണ്;

(ഡി) എന്നു മുതൽക്കാണ് ഇത് പ്രാബല്യത്തിൽ വരുക?

ഉത്തരം

(എ) ചില വിഭാഗങ്ങൾക്ക് ഹയർഗ്രേഡും, ലോവർഗ്രേഡും തമ്മിൽ ഇന്നു നിലവിലുള്ള അനുപാതം മെച്ചപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ചില വിഭാഗങ്ങൾക്ക് പുതുതായി ഹയർഗ്രേഡും, ഗ്രേഡുകൾ തമ്മിൽ അനുപാതവും ശുപാർശ ചെയ്തിട്ടുണ്ട്. മിനിസ്റ്റീരിയൽ വിഭാഗത്തിൽപ്പെട്ട ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലാർക്ക്, ഫെയർ കോപ്പി സൂപ്രണ്ട് എന്നീ തസ്തികകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രമോഷൻ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് ഉതകത്തക്കവണ്ണം മെച്ചപ്പെടുത്തിയിട്ടുണ്ട്. മറ്റൊരു പ്രധാനപ്പെട്ട ശുപാർശ, സമയബന്ധിത പ്രമോഷൻ അനുവദിക്കുന്നതിനുള്ള സേവനകാലത്തിന്റെ ദൈർഘ്യം 13 (പതിമൂന്നു) കൊല്ലത്തിൽനിന്നും 10 ആയി കുറയ്ക്കുവാനുള്ളതാണ്.

(ബി) ഈ കാര്യത്തിൽ, കമ്മീഷന്റെ ശുപാർശകളിൽ മാറ്റം വരുത്താതെയാണ് ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്.

(സി) പ്രോദ്യം ഉദിക്കുന്നില്ല.

(ഡി) ശമ്പളം പരിഷ്കരിക്കുന്നതിനുള്ള അടിസ്ഥാന തീയതി 1-7-1983 ആയിരിക്കും. അന്നു മുതൽ വെയിറേജ്, ഫിറ്റ്മെന്റ് ഇൻക്രിമെന്റ് എന്നീ ആനുകൂല്യങ്ങൾ കണക്കാക്കി വർദ്ധിപ്പിച്ച ശമ്പളം 1985 ഏപ്രിൽ മാസം ഒന്നു മുതൽ ജീവനക്കാർക്ക് ലഭിക്കുന്നതാണ്.

ക്ഷാമബത്തയുടെ കാര്യത്തിൽ നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ

9. [12] ശ്രീ. സി. വാസുദേവൻനായർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷാമബത്തയുടെ കാര്യത്തിൽ നാലാം ശമ്പളക്കമ്മീഷന്റെ ശുപാർശകൾ എന്തൊക്കെയാണ്;

(ബി) ഈ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) ഈ ശുപാർശകളിൻമേൽ സർക്കാർ എന്തെങ്കിലും വ്യതിയാനം വരുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതെന്താണ്?

ഉത്തരം

(എ) നാലാം കേന്ദ്ര ശമ്പളക്കമ്മീഷന്റെ ശുപാർശകൾ ലഭിക്കുന്ന മുറയ്ക്ക് ക്ഷാമബത്തയെസംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ നയം അംഗീകരിക്കുമ്പോൾ, അതിനനുസരിച്ച് സംസ്ഥാന ഗവൺമെന്റും ക്ഷാമബത്ത അനുവദിക്കുന്നതിന് നിലവിലുള്ള പദ്ധതി അവലോകനം ചെയ്ത് യുക്തമായ തീരുമാനം എടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ രീതിയിൽ ഒരു അവലോകനം നടത്തുന്നതുവരെ കേന്ദ്ര മാതൃകയ്ക്ക് അനുസൃതമായ ഇന്നത്തെ രീതി തുടരേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly